QP CODE: 22103223

22103223

Reg No : ....................

Name : ....................

# UNDER GRADUATE (CBCS) REGULAR / IMPROVEMENT / REAPPEARANCE EXAMINATIONS, OCTOBER 2022

## Second Semester

## Common Course II - ML2CCT08 - കവിതയും നാടകവും

***[Common for all Model II B.A & B.Sc Programmes (Regular : 2021 Admission), Model II B.A Programmes (Improvement : 2020 Admission Only & Reappearance : 2017 - 2020 Admissions)]***

D27B5B2B

Time: 3 Hours

Max. Marks : 80

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.*

1. സീത ചന്ദ്രനോട് യാത്ര പറയുന്ന ഭാഗം കുമാരനാശാൻ വർണ്ണിക്കുന്നതെങ്ങനെ?
2. സുഖസ്വപ്നജൽപനം ചെയ്തു പോവതെങ്ങോട്ടീ ലോകം? ' കാവ്യപ്രമേയത്തോട് ചേർത്ത് ചർച്ച ചെയ്യുക
3. 'വേദനയോടെ, കൈയിലുണങ്ങിക്കരിഞ്ഞൊരു പൂവുമായ്തിൽപൂ....?' ആര്? എന്തുകൊണ്ട്?
4. 'നിനക്കു നൽകുവാൻ തിളച്ച വാളുകൾ...മനം കടഞ്ഞു ഞാനെടുത്ത നേരുകൾ.... 'വ്യക്തമാക്കുക
5. ഉരുണ്ടു ചെറിച്ചി പ്ല മേനാമ്മായിയുടെ ' കട'ക്കാരിയായ സാഹചര്യമെന്ത്?
6. നവീന കവിതാ സാഹിത്യത്തിൽ പി.എൻ.ഗോപീകൃഷ്ണന്റെ സ്ഥാനം അടയാളപ്പെടുത്തുക
7. ആ വിളിയിലേയ്ക്ക് പ്ലാങ്കറ ഊറും മണം. 'ഏതു വിളി? വിശദമാക്കുക -
8. കഥാപാത്രം - 'യുവാവ് '
9. കഥാപാത്ര നിരൂപണം നടത്തുക. ഓരോരോ കാലത്തിലും - ' നഷ്ട്'
10. താത്രി: (പുച്ഛത്തോടെ) പിന്നെ എന്തൊക്കെ അനുഭവങ്ങൾ! എത്രയെത്ര കാഴ്ചകൾ! എന്തെല്ലാം സമ്മാനങ്ങൾ! ആത്മനിന്ദയുടെ നീറ്റുന്ന പുച്ഛരസം താത്രിയിൽ എത്രമാത്രം ഉൾച്ചേരുന്നു?

11. കീചകനു ഭയമോ? അഞ്ചു ഗന്ധർവൻമാരെയും പേടിയില്ലാതെ സൈരന്ധ്രിയെ പ്രണയിച്ച കീചകന് ഭയമോ ?' താത്രി ആരെപ്പറ്റിയാണ് ഇങ്ങനെ പറയുന്നത്? എന്തുകൊണ്ട്?

12. കാര്യം കഴിഞ്ഞപ്പൊ കറിവേപ്പില പൊറത്ത്. ആരൊക്ക്യാ പൊറത്താവാന്നുള്ളതാ അട്യേന്റെ പഴമനസ്സിലെ ശങ്ക.വക്താവാര്? വ്യംഗ്യം എന്ത്?

(10×2=20)

### പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.*

13. ഒത്തിരിക്കാര്യങ്ങളുണ്ടെങ്കിലും കുറ-ച്ചിന്നു ഞാൻ നിന്നോടുചൊല്ലാം ' അച്ഛൻ മകനോട് എന്തൊക്കെ കാര്യങ്ങളാണ് പങ്കുവയ്ക്കുന്നത്?

14. പി.പി.രാമചന്ദ്രന്റെ കവിതകളിലെ 'മാനവികത, പദസംസ്കാരം' എന്നിവ വിലയിരുത്തുക

15. വരേണ്യമായ എല്ലാ തത്ത്വസംഹിതകളുടേയും പൊള്ളത്തരങ്ങൾ വെളിവാകുന്ന വ്യവഹാരങ്ങളാണ് രേണുകുമാറിന്റെ കവിതകൾ. വ്യക്തമാക്കുക

16. ഇരയുടെ പദാവലിയിൽ നിന്നും മോചിപ്പിക്കപ്പെട്ട പെൺ കാമനകളുടെ ആഘോഷങ്ങൾ സമ്മാനിക്കുന്ന എഴുത്തുകാരിയാണ് അനിത തമ്പി. സമർത്ഥിക്കുക

17. വൃത്തം, പ്രമേയം, പദമട്ട് തുടങ്ങി സാമ്പ്രദായികമായ ഒന്നിനെയും നിരാകരിക്കാത്ത റഫീക്ക് അഹമ്മദ് ' അതിനുള്ളിലെ ആഖ്യാന മികവുകൊണ്ടാണ് ശ്രദ്ധേയനാകുന്നത്. വിശദമാക്കുക

18. ഓരോരോ കാലത്തിലും 'നാടകത്തിന്റെ ആമുഖരംഗം നാടകത്തിന്റെ ഇതിവൃത്തത്തോട് എത്രമാത്രം ചേർന്നു നിൽക്കുന്നു?

19. എനിക്കിപ്പൊ കൂടുതല് ബോധ്യം വണൂ, എന്റെയീ കമ്പങ്ങളൊക്കെ എനിക്ക് ഭാരാവ്യാണെന്ന് ' ആരുടേതാണ് ഈ വിലാപം? എന്തുകൊണ്ട്?

20. അല്ല, ഈ ഭാഗ്യം ണ്ടാക്കീത് ഞാൻ തന്യാന്ന് കൂട്ടിക്കോളൂ, അപ്പൊ പിന്നെ, ഈ ഭാഗ്യം കാലാകാലം എനിക്കുള്ളത് തന്നെ ആയേക്കാട്ടേന്ന് ഞാനങ്ങട് ഒറപ്പിച്ചു. ' വക്താവാര്? കഥാഗതിയിൽ ഈ സംഭാഷണത്തിനുള്ള പങ്കെന്ത്?

21. സ്മാർത്തവിചാര സാധ്യത നിശ്ചയിക്കപ്പെട്ടപ്പോൾ താത്രിയുടെ ദയ ചോദിച്ചെത്തിയ കഥാപാത്രങ്ങൾ ആരൊക്കെ? വിശദമാക്കുക

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. 'വാർത്താ കൗതുകമല്ല, മറിച്ച് യാഥാർത്ഥ്യത്തിന്റെ അസ്വസ്ഥതകളാണ് സുഗതകുമാരിയുടെ കവിതകളെ ശ്രദ്ധേയമാക്കുന്നത്. ഉപന്യസിക്കുക

23. വർധിച്ചു വരുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മലയാളത്തിലെ നവീന കവിതകളിൽ എപ്രകാരം ആവിഷ്കരിക്കപ്പെടുന്നു? പഠിച്ച കവിതകളെ ആസ്പദമാക്കി ഉപന്യസിക്കുക

24. 'പെൺകുട്ടിയെ നഗ്നചിത്രത്തിലേയ്ക്ക് തള്ളിവീഴ്ത്തുന്നു. ബ്രഷും കൈകളും ഉപയോഗിച്ച് അവളെ വന്യമായി പെയിൻറ് ചെയ്യുന്നു.' കുറിയേടത്ത് താത്രിയുടെ ആധുനിക ചിത്രമെന്ന നിലയിൽ 'പെൺകുട്ടി'യെ ശ്രീജ എപ്രകാരം ആവിഷ്കരിക്കുന്നുവെന്ന് വിലയിരുത്തുക

25. ലഭിക്കാതെ പോകുന്ന അംഗീകാരം, നഷ്ടപ്പെടുമ്പോഴുണ്ടാകുന്ന മാനസികാവസ്ഥയാണ് താത്രിയിലും ആധുനിക പെൺകുട്ടിയിലും ശ്രീജനോക്കിക്കാണുന്നത് --- വിലയിരുത്തുക

(2×15=30)